**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5167** **21-03-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ കൃഷി സമൃദ്ധി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി സമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം കൃഷിഭവനുകളിലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കൃഷി സമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള കൃഷിഭവനുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. കല്ലിയൂർ<br>2. പള്ളിച്ചൽ<br>3. നേമം<br>4. വട്ടിയൂർക്കാവ്<br>5. ആനാട്<br>6. നെടുമങ്ങാട്<br>7. ചിറയിൻകീഴ്<br>8. ചെമ്മരുതി |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (ബി) | കൃഷിയിടങ്ങളുടെയും വിളകളുടെയും നിലവിലുള്ള വിവരങ്ങൾ ശേഖരിക്കുന്ന പ്രവർത്തനം ആണ് ഇപ്പോൾ നടന്നു വരുന്നത് .ഇതോടൊപ്പം ദ്വിതീയ വിവരശേഖരണവും നടക്കുന്നു. പ്രാദേശിക ഉല്പാദന വിപണന മൈക്രോ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനത്തിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും കൃഷിഭവന്റേയും വിവിധ സമാന വകുപ്പുകളുടേയും നേതൃത്വത്തിൽ ആസൂത്രിത കൃഷി ആരംഭിക്കും.. ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ഇത് രാജ്യത്തെ പ്രഥമ സംരംഭമായി കണക്കാക്കപ്പെടുന്നു.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക മേഖലയിലെ പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി കേരളത്തിലെ തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര പദ്ധതിയാണ് കൃഷി സമൃദ്ധി. ഈ പദ്ധതി കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നു. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മൂന്ന് ഘട്ടങ്ങളായി കൃഷി സമൃദ്ധി നടപ്പിലാക്കാനുള്ള ശ്രമം നടന്നു കൊണ്ടിരിക്കുന്നു.<br><br>ഒന്നാം ഘട്ടത്തിൽ, 14 ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത 107 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കാർഷിക പാരിസ്ഥിതിക മേഖലകൾക്ക് ഊന്നൽ നൽകി പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൃഷി വകുപ്പ് രൂപം കൊടുത്ത 'കതിർ' എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗിച്ചാണ് വിവരശേഖരണം നടത്തുന്നത്. രണ്ടാം ഘട്ടത്തിൽ 393 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കൂടി പദ്ധതി വ്യാപിപ്പിക്കും.<br><br>സംസ്ഥാന തലത്തിൽ ഈ പദ്ധതിയുടെ ഉദ്ഘാടനം 2025 ഫെബ്രുവരി 1-ന് പാലക്കാട് ജില്ലയിലെ തൃത്താലയിൽ നടന്നു. |

സെക്ഷൻ ഓഫീസർ